**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1511 — 22/3/2013 - ൽ മറുപടിയ്ക്ക്

# പച്ചതേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കൃഷിഭവനുകൾ മുഖേന പച്ച തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കണ്ണൂർ ജില്ലയിൽ നിന്നും എത്ര കൃഷിഭവനുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) കണ്ണൂർ ജില്ലയിൽ നിന്നും 36 കൃഷി ഭവനുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മറ്റുള്ള കൃഷി ഭവനുകളിൽ നിന്നുമുള്ള പച്ചനാളികേരവും തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന സംഭരിക്കുന്നുണ്ട്.<br><br>പയ്യന്നൂർ, കുഞ്ഞിമംഗലം, ചെറുപുഴ, പെരിയവയക്കര, തളിപ്പറമ്പ, ആലക്കോട്, ചെങ്ങളായി, ചെറുകുന്ന്, ചെറുതാഴം, മാടായി, എരുവേശ്ശി, ഉളിക്കൽ, മയ്യിൽ, അഴീക്കോട്, പാപ്പിനിശ്ശേരി, ചിറക്കൽ, പെരളശ്ശേരി, എടക്കാട്, മുണ്ടേരി, ചെമ്പിലോട്, അഞ്ചരക്കണ്ടി, പിണറായി, മുഴപ്പിലങ്ങാട്, പാട്യം, കോട്ടയം മലബാർ, കുന്നോത്ത് പറമ്പ്, മൊകേരി, കതിരൂർ, |

പെരിങ്ങളം, കരിയാട്, കൂടാളി, പായം, കീഴൂർ ചാവശ്ശേരി, കേളകം, കൊട്ടിയൂർ, പേരാവൂർ എന്നീ കൃഷി ഭവനുകൾ മുഖേനയാണ് സംഭരണം നടത്തി വരുന്നത്.

| | | | |
|---|---|---|---|
| (സി) | കൃഷിക്കാർ എന്തൊക്കെ രേഖകളാണ് ഇത് സംബന്ധിച്ച് കൃഷി ഭവനുകളിൽ നൽകേണ്ടത്; | (സി) | കൃഷി ഭവനിൽ രജിസ്ട്രേഷൻ ചെയ്തവർ നികുതി രസീതാണ് കൃഷി ഭവനിൽ നൽകേണ്ടത്. കൃഷി ഭവനിൽ രജിസ്ട്രേഷൻ ചെയ്യാത്ത കർഷകർ നികുതി രസീതും കർഷക രജിസ്ട്രേഷനുള്ള അപേക്ഷ ഫോറവും ബാങ്ക് അക്കൗണ്ടിന്റെ വിശദാംശവും കൃഷി ഭവനിൽ നൽകേണ്ടതാണ്. |
| (ഡി) | എത്ര രൂപ വെച്ചാണ് പച്ചതേങ്ങ സംഭരിക്കുന്നത്; ഇതുവരെയായി കണ്ണൂർ ജില്ലയിൽ നിന്നും എത്രത്തോളം സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്? | (ഡി) | ഒരു കിലോയ്ക്ക് 16 രൂപ എന്ന തോതിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. 14/3/2013 വരെ കണ്ണൂർ ജില്ലയിൽ 316.445 ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. |

Swapna.

സെക്ഷൻ ഓഫീസർ